"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - 2020-21, 2021-22 വർഷങ്ങളിൽ NRI വിഭാഗത്തിൽ എം.ബി.ബി.എസ് അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ നിന്നും കോർപ്പസ് ഫണ്ട് ഇനത്തിൽ ഈടാക്കിയ തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1210/2024/H&FWD　തീയതി,തിരുവനന്തപുരം, 18-05-2024

പരാമർശം:-

1. 06.06.2018-ലെ സ ഉ (എം.എസ്) നം.107/2018/ആരോഗ്യം
2. 19.07.2018-ലെ സ ഉ (എം.എസ്) നം.138/2018/ആരോഗ്യം
3. 19.08.2018-ലെ സ ഉ (എം.എസ്) നം.169/2018/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ്
4. WP(C) No.7771/2018 - ൽ ബഹു.ഹൈക്കോടതി 23.07.2020 - പുറപ്പെടുവിച്ച വിധിന്യായം
5. പ്രവേശന പരീക്ഷാ കമ്മീഷണറുടെ 28.02.2024 ,03.04.2024 തീയതികളിലെ എ3/248/2023/ സി ഇ ഇ നം. കത്ത്
6. 12.04.2024- ലെ എസ് 3/159/2022/ആ കു വ നം . സർക്കാർ കത്ത്
7. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ 14.05.2024 തിയ്യതിയിലെ 852/2024/ASC/HO നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ സ്വകാര്യ/സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് അഡ്മിഷൻ നേടുന്ന ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സ്കോളർഷിപ്പ് സ്കീം പ്രകാരം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ NRI വിഭാഗത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ നൽകേണ്ട ഫീസിൽ നിന്നും 5 ലക്ഷം രൂപ ബി.പി.എൽ വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി മാറ്റിവയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ചുമതല പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയുണ്ടായി.

2) എന്നാൽ WP(C) No.7771/2018 - ലെ 23.07.2020-ലെ ഉത്തരവ് പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച 06.06.2018-ലെ സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ടി വിധിയ്ക്കെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ഹർജ്ജിയിൽ (SLP(C)

9885/2020) ബഹു.സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. 23.07.2020-ലെ ബഹു ഹൈക്കോടതി ഉത്തരവിന് ശേഷം എൻ.ആർ.ഐ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും കോർപ്പസ് ഫണ്ടിനത്തിൽ ഈടാക്കി കോർപ്പസ് ഫണ്ട് അക്കൗണ്ടിലും,ട്യൂഷൻ ഫീ അക്കൗണ്ടിലും ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ സർക്കാർ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ പെറ്റീഷനിൽ അന്തിമ തീർപ്പുണ്ടാകുന്നത് വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കേണ്ടതാണെന്ന് പരാമർശം (6) ലെ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് .

4) 2020-21, 2021-22 വർഷങ്ങളിൽ NRI വിഭാഗത്തിൽ എം.ബി.ബി.എസ് അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ നിന്നും കോർപ്പസ് ഫണ്ട് ഇനത്തിൽ തുക ഈടാക്കി കോളേജ് മാനേജ്മെന്റുകൾ കൈവശം വെച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത തുകയുടെ ദുരുപയോഗം ഒഴിവാക്കുന്നതിനായി ടി തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (7 ) ലെ കത്ത് പ്രകാരം ഫീ റെഗുലേറ്ററി കമ്മിറ്റി അറിയിച്ചിട്ടുണ്ട് .

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 വർഷങ്ങളിൽ എം.ബി.ബി.എസ് അഡ്മിഷൻ നേടിയ NRI വിഭാഗം വിദ്യാർത്ഥികളിൽ നിന്നും കോർപ്പസ് ഫണ്ട് ഇനത്തിൽ ഈടാക്കി കൈവശം വെച്ചിരിക്കുന്ന തുക അടിയന്തിരമായി പ്രവേശന പരീക്ഷ കമ്മീഷണറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് സ്വകാര്യ/സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. സർക്കാർ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനിൽ ബഹു.സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ ഒടുക്കുന്ന തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും യാതൊരു കാരണവശാലും വകമാറ്റി ചെലവാക്കാൻ പാടില്ലാത്തതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
മാനേജർ, ഫീ റെഗുലേറ്ററി കമ്മിറ്റി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്) , തിരുവനന്തപുരം
എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി, സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ/ഓഫീസിൽ കോപ്പി (എസ്3/159/2022-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
T Muraleedharan Chettiyar
Date: 20-05-2024 12:28:38

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്